

ഒക്ടോബർ 2020

# യുവചേതന

എം. സി. വൈ. എം. സഭാതല സമിതി മുഖപത്രം

ലക്കം : 5

www.malankaralibrary.com

# എഡിറ്റോറിയൽ



ജപമാലയെന്ന ശക്തമായ ആയുധം കൈകളിലേന്തി പരിശുദ്ധ അമ്മയിലൂടെ യേശുനാഥനിലേക്ക് കൂടുതൽ അടുക്കാൻ പ്രത്യേകം മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നതായ ഒക്ടോബർ മാസം മലങ്കര സുറിയാനി കത്തോലിക്കരായ നമ്മെ സംബന്ധിച്ച് പലവിധ കാരണങ്ങളാൽ ഏറെ പ്രിയപ്പെട്ടതാണ്.

യുവജനപ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ തിരുനാളിനോടനുബന്ധിച്ച് യുവജന ദിനവും നമ്മുടെ സഭയുടെ ദ്വിതീയ മെത്രാപ്പോലീത്താ ആയിരുന്ന ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളും മലങ്കര സഭയെ അത്യധികം സ്നേഹിച്ച് വളർച്ചയുടെ പാതയിലേക്ക് കൈപ്പിടിച്ച് നടത്തിയ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ തിരുനാളും ഈ പുണ്യമാസത്തിൽ വന്നുചേരുന്നു എന്നത് അതിന്റെ മാധുര്യം വർദ്ധിപ്പിക്കുന്നു.

സത്യവും നീതിയും ബലികഴിക്കപ്പെടുന്നതായ ഈ പ്രത്യേക കാലഘട്ടത്തിൽ മലങ്കരയുടെ ഊർജ്ജസ്വലരായ യുവാക്കളെന്ന നിലയിൽ സമൂഹത്തെ കെട്ടിപ്പടുക്കുവാനും വി. ഫ്രാൻസിസ് അസ്സീസിയെപ്പോലെ ലോകത്തിൽ ക്രിസ്തുവിന്റെ പരിമളം പരത്തി മറ്റൊരു ക്രിസ്തുവായിത്തീരുവാനുമുള്ള നമ്മുടെ വിളിയെ നമുക്ക് തിരിച്ചറിയാം. യുവജനദിനത്തിന്റേതായ എല്ലാ മംഗളങ്ങളും ആശംസകളും നേരുന്നു. സമൂഹത്തിന്റെ കെട്ടുപണിക്ക് സത്യവും നീതിയും കളിയാടുന്ന ഒരു നല്ല നാളേക്കായി നമുക്ക് കൈ കോർക്കാം.

**ജിനു ജോർജ്ജ്**
*ചീഫ് എഡിറ്റർ*

**'ഈ ലോകത്ത് ഒരു പുതിയതരം വിഡ്ഢിയായിരിക്കുവാൻ ദൈവം എന്നെ വിളിച്ചു' - അസ്സീസിയിലെ ഫ്രാൻസിസ്**



ചില വിഡ്ഢികളുണ്ട് സ്വയം വിഡ്ഢികളായിത്തീരാൻ ഇഷ്ടപ്പെടുന്നവർ. തങ്ങളുടെ വിഡ്ഢിത്തം മറ്റു ചിലർക്ക് സന്തോഷം നൽകിയാലോ എന്നുള്ള തോന്നൽ കൊണ്ടാണ് അവരങ്ങനെ വിഡ്ഢികളായി മാറുന്നത്. ചുണ്ടിൽ വിരിയുന്ന ഒരു പുഞ്ചിരിക്കു വേണ്ടിയോ, ആ വിഡ്ഢിത്തത്തെക്കുറിച്ചുള്ള അല്പ നർമസംഭാഷണത്തിന് വേണ്ടിയോ ഒക്കെയാകാം അത്. അതുമല്ലെങ്കിൽ ദൈവത്തിനു മാത്രം മനസ്സിലാകുന്ന വലിയ ചില മൂല്യങ്ങൾക്ക് വേണ്ടിയാകാം അത്.

സാധാരണ മനുഷ്യബുദ്ധിയ്ക്ക് അത് മനസ്സിലാകണമെന്നില്ല, അത് കൊണ്ടാണല്ലോ ഉദാരമായി കൊടുക്കുന്നവർ വിഡ്ഢികളാകുകയും വാങ്ങി കൂട്ടുന്നവർ കേമൻമാരായി തീരുകയും ചെയ്യുന്നത്. എന്നാൽ സ്വർഗ്ഗത്തിന് മുന്നിൽ അവൻ തിളങ്ങുന്ന മാണിക്യമാണ്.

ഭോഷത്വം തിരഞ്ഞെടുത്ത, അതിൽ ആഹ്ലാദം കണ്ടെത്തിയ ഒരു വ്യക്തി അസ്സീസിയിലെ തെരുവുകളിൽ ജീവിച്ചിരുന്നു. ദൈവത്തിനുവേണ്ടി ഭോഷനായിത്തീർന്ന, സ്വർഗത്തിലെ തിളങ്ങുന്ന ആ വലിയ മാണിക്യമായി തീർന്ന വിശുദ്ധ ഫ്രാൻസിസ് അസ്സീസി. തന്റെ ചുറ്റുമുള്ള സാമൂഹിക ശക്തികൾക്കും കാലത്തിന്റെ മാമൂലുകൾക്കും വിധേയപ്പെടാതെ ദൈവ പ്രചോദിതനായി ക്രിസ്തുവിന്റെ സഭ കെട്ടി ഉറപ്പിക്കുവാൻ ജീവിതം മാറ്റിവയ്ക്കപ്പെട്ടതിലൂടെ ലോകത്തിന്റെ കണ്ണുകളിൽ അദ്ദേഹം വിഡ്ഢിയായി. ''കൊടുക്കുമ്പോഴാണ് നിങ്ങൾക്ക് ലഭിക്കുന്നത്, ക്ഷമിക്കുമ്പോഴാണ് നിങ്ങളോട് ക്ഷമിക്ക പ്പെടുന്നത്, മരിക്കുമ്പോഴാണ് നിങ്ങൾ നിത്യജീവനിലേക്ക് ജനിക്കുന്നത്'' എന്ന പ്രാർത്ഥനയായി രൂപാന്തരപ്പെട്ട ഫ്രാൻസിസിന്റെ ദിനചര്യ ഈ ഭോഷത്വം വരച്ചു കാട്ടുന്നു...

കാലഘട്ടത്തിന്റെ ഹൃദയനൊമ്പരം കേൾക്കുവാനും ആശ്വാസമാകുവാനും കരുണയ്ക്കു വേണ്ടിയുള്ള രോദനങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാനും ജ്വലിക്കുന്ന യുവജന സാക്ഷികളാകുവാനുമായി വിശേഷാൽ വിളിക്കപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ യുവജന പ്രസ്ഥാനത്തിലെ ഓരോ യുവാവിനും യുവതിക്കും അനുകരിക്കുവാൻ ഇതിലും നല്ലൊരു മാതൃക കണ്ടെത്തുക പ്രയാസം....

ചുറ്റുമുള്ളവരിൽ ദൈവത്തെ കാണുക, നിനക്കുള്ളത് അവനുമായി പങ്കുവയ്ക്കുക, അവൻ നിന്നോട് തെറ്റ് ചെയ്താൽ നീ അവനോടു പൊറുക്കുക, അവനുവേണ്ടി കൂടി പ്രാർത്ഥിക്കുക. വിശുദ്ധ ഫ്രാൻസിസ് അസ്സീസി നമ്മോട് പറയുന്നത് ഇതുതന്നെയാണ്. കൊടുക്കാതെ നാം ഒന്നും നേടുന്നില്ല. ആരെയും സ്നേഹിക്കുന്നില്ലെങ്കിൽ നിനക്കു സ്നേഹം ലഭിക്കുന്നില്ല, ക്ഷമിക്കുന്നില്ലെങ്കിൽ നിന്നോട് എങ്ങനെയാണ് ക്ഷമിക്കപ്പെടുന്നത്.. സ്വയം ചോദിക്കാൻ കഴിയണം വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെ പോലെ ദൈവത്തിന്റെ മുന്നിലെ വലിയ ബുദ്ധിമാനാകാൻ ഭൂമിയിൽ ഞാനല്പം വിഡ്ഢിയായി കൊള്ളട്ടെ.

വീണ്ടുമൊരു ഒക്ടോബർ നാലിൽ അസ്സീസി പുണ്യവാളനോടൊപ്പം നമ്മൾ യുവജന ദിനം ആഘോഷിക്കുമ്പോൾ കാലഘട്ടത്തിന്റെ വിളി തിരിച്ചറിയാം... അർപ്പണബോധത്തോടെ സാമൂഹിക ചുറ്റുപാടുകളെ നോക്കിക്കാണുവാൻ സഭ നമ്മെ പ്രേരിപ്പിക്കുന്നത് മനസ്സിലാക്കാം...

ക്രിസ്തുവിനു വേണ്ടി ഭോഷൻമാരായി തീരുന്നതിൽ അഭിമാനം കൊള്ളാം...

**ജിത്ത് ജോൺ ഫ്രാൻസിസ്**
*പ്രസിഡന്റ്*

www.malankaralibrary.com



# ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി

**(അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സഹോദരൻ ബഹുമാനപ്പെട്ട ഇഗ്നേഷ്യസ് തങ്ങളത്തിലച്ചനുമായി എം.സി.വൈ.എം. സഭാതല ജനറൽ സെക്രട്ടറി ജിനു ജോർജ്ജ് കൂടിക്കാഴ്ച്ച നടത്തി തയ്യാറാക്കിയ ലേഖനം)**

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പിൻഗാമിയായി തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തായും മലങ്കര കത്തോലിക്കാ സഭയുടെ അധിപനുമായി ശുശ്രൂഷ ചെയ്ത അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി കേരളത്തിലെ ആത്മീയാചാര്യന്മാരുടെ ഗണത്തിലെ അതുല്യ പ്രതിഭകളിൽ ഒരാളാണ്. ക്രൈസ്തവ മാനവികതയുടെ ആൾരൂപമായിരുന്നു ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി. ജാതി മതഭേദമെന്യേ സർവ്വരാലും ആദരിക്കപ്പെട്ടതായിരുന്നു പിതാവിന്റെ ജീവിതം.

## 1. പിതാവിന്റെ കുടുംബം


കല്ലൂപ്പാറയുടെ പ്രാന്തപ്രദേശങ്ങളിലൊന്നായ കടമാൻകുളത്ത് ആയിരുന്നു പിതാവിന്റെ തങ്ങളത്തു കുടുംബം താമസിച്ചിരുന്നത്. 1916 ഫെബ്രുവരി 1 ന് തങ്ങളത്തിൽ ഇടിക്കുളയുടെയും അന്നമ്മയുടെയും സീമന്തപുത്രനായിട്ടാണ് അഭിവന്ദ്യ തിരുമേനി ഭൂജാതനായത്. കുഞ്ഞുകുട്ടി എന്നായിരുന്നു വീട്ടിൽ വിളിച്ചിരുന്ന പേര്.

കേരളത്തിലെ പരമ്പരാഗത രീതിയനുസരിച്ച് ആശാൻ കളരിയിൽ അക്ഷരപഠനം പൂർത്തിയാക്കിയ ശേഷം പിതാവ് പുതുശ്ശേരി സൗത്ത് എൽ.പി. സ്കൂളിലും പുതുശ്ശേരി എം.ഡി. യു.പി. സ്കൂളിലുമായി പ്രാഥമിക വിദ്യാഭ്യാസവും തുടർന്നുള്ള പഠനം ഇരവിപേരൂർ സെന്റ് ജോൺസ് ഹൈസ്കൂളിലും നടത്തി. മൂന്നിടത്തും പഠനത്തിലും സ്വഭാവത്തിലും ഒന്നാം സ്ഥാനക്കാരനായിരുന്നു പിതാവ്. കുടുംബത്തിലെ മൂത്ത മകൻ എന്ന നിലയിൽ മാതാപിതാക്കന്മാരെ സഹായിക്കുന്നതിന് 1932-ൽ സ്കൂൾ ഫൈനൽ പാസ്സായി കോട്ടയത്ത് ഒരു ഇൻഷുറൻസ് കമ്പനിയിൽ ജോലിക്ക് പോയി കുടുംബത്തിന് താങ്ങായി.



പിന്നീട് മാർ ഈവാനിയോസ് തിരുമേനി മുണ്ടൻമല വിട്ട് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുവാനായിട്ട് ഇറങ്ങി. അദ്ദേഹത്തോടൊപ്പം ഇറങ്ങിയ ബഥനിക്കാർ വെണ്ണിക്കുളത്ത് വന്ന് താമസമാക്കി. ബഥനി സത്യവഴിയിൽ

www.malankaralibrary.com



ആണെന്ന് ബോധ്യപ്പെട്ട പിതാവ് ഒരു ആശ്രമ വൈദികനാകാൻ ആഗ്രഹിച്ചു. മാതാപിതാക്കന്മാരുടെ സമ്മതമില്ലാത്തതിനാൽ ജോലി രാജിവച്ച് 1933 ൽ വൈദികനാകുക എന്ന ലക്ഷ്യത്തോടെ ബഥനി ആശ്രമത്തിൽ ചേർന്നു.

## 2. മാർ ഗ്രിഗോറിയോസ് പിതാവും പുനരൈക്യ പ്രസ്ഥാനവും

ബഥനി വൈദിക സമൂഹത്തെ ദൈവദൂതന്മാരെ പോലെ കണ്ടുകൊണ്ടിരുന്ന ആ കാലഘട്ടത്തിൽ, മാർ ഈവാനിയോസ് തിരുമേനിയും ബഥനിയിലെ അച്ചൻമാരും പുനരൈക്യപ്പെട്ട് കത്തോലിക്കാ സഭയിലേക്ക് പോയത് പിതാവിന്റെ കുടുബത്തിന് ഒട്ടും സഹിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ അത് ദൈവത്തിന്റെ വിളി ആയിരുന്നു എന്ന് അമ്മ വിശ്വസിച്ചിരുന്നു, പുനരൈക്യത്തിനുശേഷം വലിയ അടുപ്പമാണ് ആ തരത്തിൽ പിന്നീട് ഉണ്ടായിട്ടുള്ളത്. തിരുമേനി മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട വേളയിൽ മാർ ഈവാനിയോസ് പിതാവും മാമ്മൻ മാപ്പിളയുമൊക്കെ സന്നിഹിതരായിരുന്ന വേദിയിൽ പിതാവ് അവതരിപ്പിച്ചത് രണ്ട് കാര്യങ്ങളാണ്. താൻ ഒരു എളിയ കുടുംബത്തിലെ അംഗമാണ്. പട്ടിണി തനിക്കറിയാം താൻ പാവങ്ങളെ സ്നേഹിക്കുന്നു. ഇന്നു മുതൽ നിങ്ങളുടെ ദുഃഖം എന്റെ ദുഃഖം ആയിരിക്കും, നിങ്ങളുടെ സന്തോഷം എന്റെ സന്തോഷമായിരിക്കും. ഞാൻ എന്റെ ജീവിതം അതിനായി കാഴ്ചവെക്കുന്നു എന്ന് പറഞ്ഞ ശേഷം, മൂന്നു നൂറ്റാണ്ടുകൾക്ക് മുമ്പ് 1653 ൽ ഉണ്ടായ സഭയുടെ പിളർപ്പ് പരിഹരിക്കുന്നതിന് ജീവിതം കാഴ്ച്ചവയ്ക്കുന്നു എന്നും പിതാവ് പറഞ്ഞു. ഈ രണ്ടു പ്രതിജ്ഞകളും എടുത്ത് അത് പ്രാർത്ഥനയിലൂടെയും തപസ്സിലൂടെയും ജനങ്ങളോടുള്ള ബന്ധത്തിലൂടെയും നിർവ്വഹിക്കാൻ സാധിച്ചു.

നമുക്കറിയാം ഒത്തിരി കാര്യങ്ങളിൽ തിരുമേനി ഇടപെട്ടിട്ടുണ്ട്. എല്ലാ മതസ്ഥരെയും സ്നേഹിച്ചു, എല്ലാ സഭകളെയും സ്നേഹിച്ചു, എന്നാൽ സഭകളുടെ ഭിന്നത അദ്ദേഹത്തെ വേദനിപ്പിച്ചിരുന്നു. അതിനു പരിഹാരം ചെയ്യാൻ ധാരാളം അദ്ധ്വാനിക്കുകയും ചെയ്തു. ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം മലങ്കര സഭയോടുള്ള വിട്ടുപിരിയലിന്റെ പ്രയാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മെത്രാനായപ്പോൾ പിതാവിന്റെ വല്യപ്പച്ചന്റെ സഹോദരനായ കാതോലിക്കാബാവയുമായി വളരെ നല്ല അടുപ്പമായിരുന്നു. ഒരു അപ്പനെപോലെ ബാവാ പിതാവിനോട് സ്നേഹവും പിതാവിന് തിരിച്ചും സ്നേഹവും ഒരു മകനോടുള്ള വാത്സല്യമായിരുന്നു. ഓർത്തഡോക്സ് സഭയ്ക്ക് മലങ്കര സഭയോട് ചെറിയ അപ്രീതി ഉണ്ടായിരുന്നെങ്കിലും സഭാ നേതാക്കന്മാർ തിരുമേനിയുമായി എപ്പോഴും ബന്ധപ്പെടുമായിരുന്നു.

തിരുമേനി എല്ലാ മനുഷ്യരെയും ഒരുപോലെ സ്നേഹിച്ചിരുന്ന ഒരു വ്യക്തിയാണ്. ഏറ്റവും കൂടുതൽ ഐക്യത്തിന്റെ മേഖലയിലാണ് അദ്ദേഹം പ്രവർത്തിച്ചിട്ടുള്ളത്. നിലയ്ക്കൽ പ്രശ്നം ഒരുദാഹരണമാണ്. നിലയ്ക്കൽ പള്ളിയുടെ പുനർസ്ഥാപനത്തിനായി ഒത്തിരി ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്തു. ഒരിക്കൽ പള്ളിയുമായി ബന്ധപ്പെട്ട് ഉണ്ടായ ഒരു വലിയ സാമൂഹിക ലഹള ഒഴിവാക്കാൻ പിതാവ് അഹോരാത്രം പരിശ്രമിച്ചു. അന്ന് ശ്രീ. കരുണാകരനുമായും മറ്റു മതമേലദ്ധ്യക്ഷന്മാരുമായി ചർച്ചചെയ്ത് അതിനൊരു തീരുമാനം എടുക്കാൻ നേതൃത്വം നൽകി. പിതാവിന്റെ ലക്ഷ്യം ഓർത്തഡോക്സ് സഭയും മലങ്കര കത്തോലിക്കാ സഭയും തമ്മിലുള്ള ഐക്യം മാത്രമല്ലായിരുന്നു, മറിച്ച് സകല മനുഷ്യരുടേയും ഐക്യമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

## 3. പൊതുസമൂഹത്തിൽ പിതാവിന്റെ ഇടപെടൽ


പിതാവ് എല്ലാ മത-രാഷ്ട്രീയ നേതാക്കന്മാരുമായും മികച്ച ബന്ധം വെച്ച് പുലർത്തിയിരുന്നു, ശ്രീ. കരുണാകരൻ, ശ്രീ. ഇഎംഎസ്, ശ്രീ.അച്യുതാനന്ദൻ, ശ്രീ. അച്യുതമേനോൻ എന്നിവരൊക്കെയായി നല്ല ബന്ധമായിരുന്നു. ശ്രീ. എം. എൻ ഗോവിന്ദൻ നായരെ ലക്ഷം വീട് പദ്ധതിക്കായി പ്രോത്സാഹിപ്പിച്ചത് പിതാവായിരുന്നു.


60 വയസ്സ് ആയപ്പോൾ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വച്ച് പിതാവിന്റെ ജന്മദിനം ഗവൺമെന്റ് ആണ് നടത്തിയത്.

www.malankaralibrary.com







അഭിവന്ദ്യ പിതാവ് കാലം ചെയ്തപ്പോൾ പിതാവിന്റെ മൃതദേഹം പാളയത്തിൽ നിന്ന് ആംബുലൻസിൽ കയറ്റുന്ന സമയത്ത് ശ്രീ. ഇ. കെ. നായനാർ മൃതശരീരത്തിന് മുന്നിൽ വച്ച് സല്യൂട്ട് ചെയ്ത് കരഞ്ഞത് ആ ആത്മബന്ധത്തിന് തെളിവാണ്. പിതാവിനെക്കുറിച്ച് ഓർക്കുമ്പോൾ തന്നെ കണ്ണ് നിറയുമായിരുന്നു എന്നും തന്റെ മേശപ്പുറത്തു വെയ്ക്കാൻ പിതാവിന്റെ ഒരു ഫോട്ടോ തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ജോസ് അച്ചനോട് ആവശ്യപ്പെടുകയുണ്ടായിയെന്നും നായനാർ പറഞ്ഞിട്ടുണ്ട്.



മറ്റുള്ളവരെ സഹായിക്കുവാനുള്ള ദൃഢപ്രതിജ്ഞ മരണംവരെ പാലിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു.

മാർ ഇവാനിയോസ് പിതാവിന്റെ ചൈതന്യം ജീവിതത്തിൽ പകർത്താൻ ശ്രമിച്ചിരുന്ന പിതാവ് ദൈവസേവനം ഉത്തമം, ദൈവസമ്പാദനം അത്യുത്തമം എന്ന് ജീവിതം കൊണ്ട് തെളിയിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ വിശാല സമൂഹത്തിന് അനുഭവയോഗ്യമാക്കിയ ശ്രേഷ്ഠാചാര്യനായിരുന്നു ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി. 41 വർഷത്തെ സുദീർഘമായ ശ്രേഷ്ഠാചാര്യ ശുശ്രൂഷ കൊണ്ട് സഭയ്ക്കും അതിനപ്പുറം വിശാല മനുഷ്യസമൂഹത്തിനും നന്മ ചെയ്യുവാൻ ലഭിച്ച ഓരോ അവസരങ്ങളെയും പ്രയോജനപ്പെടുത്തിയ വിശ്വസ്തനും വിവേകിയുമായ കാര്യസ്ഥനായിരുന്നു അദ്ദേഹം.

ഒരു ചെറു കൂട്ടായ്മയായ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് കേരളത്തിന്റേയും ഭാരതത്തിന്റേതുമായ വിശാല സമൂഹത്തിൽ ഒട്ടനവധി നന്മകൾ ചെയ്യാനുണ്ട് എന്ന് കാണിച്ചു തരുകയും അതിനായി വഴികൾ വിശാലമാക്കുകയും ചെയ്ത ഒരാചാര്യശ്രേഷ്ഠൻ. ഗ്രിഗോറിയോസ് എന്ന പേര് അന്വർത്ഥമാക്കും വിധം ജാഗരൂകതയോടുകൂടി തന്നെ ഏൽപ്പിച്ച അജഗണത്തിനു വേണ്ടിയും വിശാല മനുഷ്യസമൂഹത്തിനു വേണ്ടിയും ജീവിതം ഉഴിഞ്ഞു വച്ച സന്യാസവര്യൻ. ഈ വന്ദ്യ പിതാവിന്റെ ദർശനങ്ങൾ സഭയ്ക്ക് മാത്രമല്ല, സമൂഹ നിർമ്മിതിക്കും രാഷ്ട്രീയ പാർട്ടികളുടെ പോലും നിരവധിയായ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുമൊക്കെ വഴി തെളിച്ചു. മലങ്കരയുടെ സൂര്യതേജസ്സായിരുന്ന വന്ദ്യ പിതാവിന്റെ പ്രാർത്ഥനകൾ നമുക്ക് കോട്ടയായിരിക്കട്ടെ.



ബഹു. ഇഗ്നേഷ്യസ് തങ്ങളത്തിലച്ചനൊപ്പം ശ്രീ. ജിനു ജോർജ്ജ്

www.malankaralibrary.com



# St.John Paul II

## - Pope of the Families and Youth

*'Respect for and for the dignity of the human person also extends to the rest of creation, which is called to join man in praising God.'*


*- Pope John Paul II*

**Sneha Roy**
Diocese of Gurgaon

In our day to day life it is very hard to track down an individual who tries to do what he/she preaches; who regards life and nobility; who attempts to join the world irrespective of different faiths. Yet, there was a man back then who possessed all the great characteristics that one would actually ask for. It was none other than Pope John Paul II, now known as St. John Paul. Pope John Paul II was one of the principal popes to connect the world regardless of whatever faith the people belonged to. He was the first pope to step foot inside a synagogue and the first pope to walk inside a mosque. John Paul II made sure to preach about basic human rights that an individual should be aware of. He was one among those handful individuals who was really concerned about the people around. He was a man of unrivalled empathy that a significant number of us will most likely never observe again during our lifetimes. While numerous popes just lounged around in the Vatican, nearly in segregation, John Paul II made it a point to travel everywhere in the world, visiting over a hundred nations during his papacy. He headed out to his native place Poland and preached about the estimation of human life and poise, making him an adversary of socialists all over. He went to many impoverished countries and worked resolutely to help the poor there.

John Paul II was respected everywhere he went. He was always followed by a humongous crowd like the Catholics, Protestants and others, just to get a glance of him. Isn't it great to know that you have influenced people in such a great way that people

www.malankaralibrary.com



come from around the world just to get a glance? With this statement, it is clear that St. John Paul was truly a great blessing. His down to earth attitude was unrivalled and his readiness to help other people unmatched. Pope John Paul II has had a long and productive life, achieving more during his time on Earth than a huge number of us actually will. He was a short hearted altruistic man who held no hard feelings and really cherished his foes. He was a pioneer for the entirety of the ages, connecting and finding a way to join the world. Nobody else in present day times has deserved this level of admiration and deference from the world. He is a great saint and good example for individuals nowadays. His model will sparkle from the pages of history as a sort of life all humankind ought to make progress towards and will (ideally) one day be achieved by everybody.

Majority of us would probably know about Pope John Paul II just as a pope who later on was declared as a saint. Many of us are unaware of the ways how the Pope left a mark in this world. Let's see how

### 1. Theology of Body

Theology of the Body was the topic of a series of 129 lectures given by Pope John Paul II during his Wednesday audience in St. Peter's Square and the Paul VI Audience Hall between September 5, 1979 and November 28, 1984. Theology of the Body explains how human love is the divine plan. John Paul II depicts the importance of the body as a "theological anthropology" of the human. He suggests that the humans, made in the image and likeness of God, are a blessing who are called to be a blessing to other people and to get others as a blessing. This endowment of self is shown through, with and in the body. By reflecting on the words of Jesus in the Gospels about the gift of our creation as human persons from the beginning," John Paul II invites us to return to the "source" of our human dignity and our vocation to love. This can be an extremely fascinating series for us as youth to read on, especially for those youth members who are preparing themselves for receiving the Holy Sacrament of Marriage.

### 2. More than 480 canonizations and an inspirer of priestly vocations

John Paul II canonized more saints in his 26 years as pope than all popes of 1,000 years combined. John Paul II sanctified people, both youth and old, from varying backgrounds and from all around the globe to assist us with understanding that saints aren't angels who've tumbled from paradise. Indeed, they aren't angels in any way. They are individuals, similarly as broken as most of us, who experienced a Beauty that changed them. We, as well, can experience that Beauty and be changed. The only way to experience 'beauty' is by realizing that God is always with us and we abide in his love.

### 3. The Pope of the Family

'To maintain a joyful family requires much from both the children and the parents. Each member of the family has to become, in a special way, the servant of the others.' The pope's anxiety for family life is essential for his general comprehension of the route we as people, as images of God, develop through life. In his book 'Crossing the Threshold of Hope', he shares the importance of interpersonal love in human life: "It is this vocation to love that naturally allows us to draw close to the young. As a priest I realized this very early. I felt almost an inner call in this direction. It is necessary to prepare young people for marriage; it is necessary to teach them to love. As a young priest I learned to love human love. This has been one of the fundamental themes of my priesthood - my ministry

www.malankaralibrary.com

in the pulpit, in the confessional, and also in my writings.” At John Paul II’s canonization, Pope Francis called him “the Pope of the Family,” a title by which John Paul himself would have liked to be recalled. John Paul II composed so broadly on marriage and family life that 66% of what the Church has ever authoritatively said regarding the matter originates from him.

### 4. Catechism of the Catholic Church

Probably the best fruits of Vatican II Council as per Pope John Paul II, was the Catechism of the Catholic Church. In a world where doubt and skepticism governed and the general concept of “conviction” was enduring an onslaught, John Paul II volunteered to commission an altogether current and thorough presentation of what the Catholic Church accepts about the universe and the spot of humankind inside it. **John Paul II** declared that the **Catechism of the Catholic Church** is “a valid and legitimate instrument for ecclesial communion and a sure norm for teaching the faith”

### 5. Pope’s message to the youth of the world

Youth itself, the pope proposed, is not merely “personal property” for the young, but rather is a “special possession belonging to everyone” that youth have a responsibility to share. “Youth is a possession of humanity itself,” the Pope said. “You belong to the future, just as the future belongs to you,” he wrote. Adults hold extreme duty regarding the current reality, however youth are the ones answerable for forming what’s to come. The pope told young people that “Christ asks you about the state of your moral awareness, and at the same time he questions you about the state of your conscience. This is a key question for man: it is the fundamental question of your youth, one that concerns the whole plan of life which must be formed precisely in youth. The value of this plan depends in an essential way on the authenticity and rectitude of your conscience. It also depends on its sensitivity.” St. John Paul II composed that, in a period of the web and online media, the interminable logical and innovative advances of the cutting edge world dominates individuals’. The purpose of a youth’s life should be aligned to Jesus Christ. “When we place ourselves in the presence of Christ, when he becomes the confidant of the questionings of our youth, we



cannot put the question differently from how [the rich young man] put it: “What must I do to inherit eternal life?” This is the message that Pope gave to the younger generation. As a result of Pope’s love towards the youth, World Youth Day was initiated by Pope John Paul II in 1985. **World Youth Day** (**WYD**) is an event for young people organized by the Catholic Church.

John Paul II will be recognized as one of the exceptional popes of present day times; a pope who left a gigantic blemish on the world just as on his congregation. His pre-eminent accomplishment may have been to show the world that force need not originate from the barrel of the weapon, the coffers of a partnership, or even from the voting booth; it can emerge out of sheer faith and moral commitment. Also by his effect on world occasions, John Paul II showed that the Church is a congregation of history that can at present change the world. For him, love was the key and he pushed uncompromisingly the need to give individuals the most profound worth. Also, from this streamed everything. For example, his determination to restore respect for life; it was a matter of human rights and a matter of obeying God’s commandment not to kill. So he stood firm against contraception, abortion and euthanasia, and opposed the death penalty.

Pope John Paul II died on 2nd April 2005. He was canonised as a saint on 27th April 2014. The decision to canonize was made official by Pope Francis on 5 July 2013 following the recognition of a miracle attributed to the intercession of John Paul II.

**‘Be not afraid: because nothing - not even death - can separate us from the love of God.’**

- ***Pope John Paul II***

www.malankaralibrary.com



# അസ്സീസിയിൽ ഉദിച്ച ദിവ്യനക്ഷത്രം...

**ജോസഫ് മാത്യു പള്ളിപ്പടിഞ്ഞാറ്റേതിൽ**
ബത്തേരി ഭദ്രാസനം, മാനന്തവാടി മേഖല

**"നാം പാപികളായിരിക്കെ ക്രിസ്തു നമുക്ക് വേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം പ്രകടമാക്കിയിരിക്കുന്നു."** (റോമാ– 5:8) എന്ന് ദൈവാത്മാവ് ദൈവമക്കളോട് പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ഗ്രഹിച്ച് സ്വജീവിതം കൊണ്ട് പ്രത്യുത്തരിച്ച പുണ്യചരിതനാണ് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ്. യേശുക്രിസ്തുവിനെ പൂർണമായും ഹൃദയത്തിൽ ഏറ്റുവാങ്ങി തന്റെ ജീവിതത്തിൽ ക്രിസ്തു സാമിപ്യം മാനവകുലത്തിനേകിയ വിശുദ്ധ ഫ്രാൻസിസ് അസ്സീസി 'രണ്ടാം ക്രിസ്തു' എന്ന അപരനാമത്തിൽ കത്തോലിക്കാ സഭയിൽ അറിയപ്പെടുന്ന വിശുദ്ധനാണ്. അദ്ദേഹം പാകിയ ആധ്യാത്മിക വിപ്ലവത്തിന്റെ സ്വർഗീയ വിത്തുകൾ ഇന്നും ലോകമെങ്ങും ഫലം പുറപ്പെടുവിച്ചു കൊണ്ടിരിക്കുകയാണ്. വിദ്വേഷമുള്ളിടത്ത് സ്നേഹം വിതയ്ക്കുവാനും ദുഃഖം നിറഞ്ഞിടത്ത് സന്തോഷം പകരുവാനും വിശുദ്ധ ഫ്രാൻസിസ് നടത്തിയിട്ടുള്ള പരിശ്രമങ്ങൾ അദ്ദേഹത്തെ ആദരണീയനാക്കുന്നു. നമുക്ക് യേശുവിനെ കണ്ടെത്താനുള്ള ഒരു മാർഗ്ഗമായി വിശുദ്ധ ഫ്രാൻസിസ് അസ്സീസി നിലകൊള്ളുന്നു. അദ്ദേഹത്തിന്റെ ജീവിതമാതൃക വിശുദ്ധരായിത്തീരാൻ നമ്മെ സഹായിക്കും.

ഇറ്റലിയിലെ 'ഉംബ്രിയ' ജില്ലയിലെ ചെറുപട്ടണമായ അസ്സീസിയിലെ വ്യാപാരിയും ധനാഢ്യനുമായ പീറ്റർ ബർണാഡിന്റെയും പിക്കാ പ്രഭിയുടെയും പ്രഥമ സന്താനമായി 1881 സെപ്റ്റംബർ 26 ന് വിശുദ്ധ ഫ്രാൻസിസ് അസ്സീസി ജനിച്ചു. കുഞ്ഞ് പിറക്കുമ്പോൾ പിതാവ് വ്യാപാരസംബന്ധമായി ഫ്രാൻസിലായിരുന്നു. സ്നാപക യോഹന്നാനെ അനുസ്മരിച്ച് ഭക്തയായ പിക്കാ മകന് ജ്ഞാനസ്നാനത്തിൽ ജോൺ



www.malankaralibrary.com

എന്ന പേര് നൽകി. മരവുരിയുടുത്തൊരു വനവാസിയുടെ പേര് തന്റെ മകന് ചേരില്ല എന്ന് വിധിച്ച് വസ്ത്രവ്യാപാരിയായ പിതാവ് തനിക്ക് ഫ്രാൻസുമായുള്ള വ്യാപാരബന്ധം പരിഗണിച്ച് കുഞ്ഞിന്റെ പേര് ഫ്രാൻസിസ് എന്ന് മാറ്റി. പക്ഷേ, ഇക്കാര്യത്തിൽ അമ്മയുടെ ചിന്തകളായിരുന്നു ശരിയെന്ന് ഫ്രാൻസിസിന്റെ പിൽക്കാല ജീവിതം തെളിയിച്ചു. സാധാരണ പ്രഭുകുമാരൻമാർക്ക് യോജിച്ചവിധം വിലപിടിച്ച വേഷഭൂഷകളും സുഖലോലുപതയുമായി ഫ്രാൻസിസ് വളർന്നു. എങ്കിലും വനാന്തരത്തിലെ കുളിരുറവപോലെ ദരിദ്രരോടുള്ള സഹതാപത്തിന്റെ നീരോട്ടം ആ ചെറുപ്പക്കാരന്റെ മനസ്സിലുണ്ടായിരുന്നു. അത് പിൽക്കാലത്ത് ദാരിദ്ര്യത്തെ വധുവായി സ്വീകരിച്ച ഫ്രാൻസിസിൽ എത്തിച്ചു.

ഫ്രാൻസിസിന്റെ ജീവിതത്തിലെ ആദ്യത്തെ വഴിത്തിരിവ് ഇരുപതാമത്തെ വയസ്സിൽ അസ്സീസിയും അയൽപട്ടണമായ പെറുജിയയും തമ്മിലുണ്ടായ ഏറ്റുമുട്ടലിനോട് അനുബന്ധിച്ചായിരുന്നു. ആ പോരാട്ടത്തിൽ അസ്സീസിക്ക് വേണ്ടി പങ്കെടുത്ത ഫ്രാൻസിസിനെ പെറുജിയ തടവുകാരനാക്കി. പതിനൊന്നു മാസത്തെ മാനസിക സംഘർഷത്തിലും ഏകാന്തതയിലും മനമിടിഞ്ഞു ക്ഷീണിതനും രോഗിയുമായി സ്വഭവനത്തിൽ തിരിച്ചെത്തിയ ഫ്രാൻസിസിന്റെ ഹൃദയത്തിൽ അഭൗമിക ചിന്തകൾ അരിച്ചിറങ്ങി. രോഗവിമുക്തനായതോടെ സൈന്യത്തിൽ ചേരുന്ന കാര്യം ആലോചിച്ചെങ്കിലും അന്തഃരംഗത്തിൽ ആശയും കുളിർമയുമേകി നയിച്ച ദിവ്യപ്രകാശത്തെ പിൻതുടരാൻ തീരുമാനിക്കുകയുണ്ടായി. യുദ്ധത്തിൽ നിന്നും സമാധാനത്തിലേക്കുള്ള തിരിച്ചുപോക്കിന്റെ ആരംഭമായിരുന്നു അത്. പേരിനും പെരുമയ്ക്കും പകരം ദാരിദ്ര്യവും സഹനവും സമാധാനവും ഏറ്റെടുക്കാനായിരുന്നു ആ തിരോധാനം. ആഡംബര പ്രേമിയും ഉല്ലാസിയുമായ സുഹൃത്തിൽ കണ്ട മാറ്റം ഫ്രാൻസിസിന്റെ ചങ്ങാതിമാരെ അത്ഭുതപ്പെടുത്തി. പ്രണയപാരവശ്യം ഉളവാക്കിയ മാറ്റമാണോ ഇതെന്ന് അവർ അത്ഭുതപ്പെട്ടു. ഫ്രാൻസിസിന്റെ മറുപടി താൻ സുന്ദരിയായ ദാരിദ്ര്യം എന്ന വധുവിനെ ഉടൻ സ്വന്തമാക്കുന്നുണ്ടെന്നായിരുന്നു. ദാരിദ്ര്യത്തോടുള്ള ആ പ്രണയം അദ്ദേഹം ശിഷ്ടജീവിതം മുഴുവൻ തുടർന്നു. വിരക്തിയുടെയും ഏകാന്ത ധ്യാനത്തിന്റെയും പാത പിൻതുടർന്ന് ഫ്രാൻസിസ് തനിക്കുണ്ടായിരുന്നതെല്ലാം ത്യജിച്ചു. ഒരു കുഷ്ഠരോഗിയെ വഴിയിൽ കണ്ടപ്പോൾ അവനെ ആശ്ലേഷിച്ച് കൈയിലുണ്ടായിരുന്ന പണമെല്ലാം അവനു കൊടുത്തു. ഒരു ഭിക്ഷക്കാരനുമായി വസ്ത്രങ്ങൾ വച്ചുമാറി.

**"നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും"** (മത്തായി 19 : 21)

തികച്ചും ഏകാന്തതയിൽ കഴിഞ്ഞ ഫ്രാൻസിസിന്റെ മനസ്സിൽ, "കർത്താവേ നിന്റെ വഴികൾ എന്നെ കാണിക്കേണമെ, നിന്റെ മാർഗ്ഗം എന്നെ പഠിപ്പിക്കുകയും ചെയ്യേണമെ" എന്ന സങ്കീർത്തകന്റേതുപോലൊരു പ്രാർത്ഥന വൃഥാ അലയടിച്ചു കൊണ്ടിരുന്നു. തന്റെ ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ തകർച്ചയുടെ വക്കിലെത്തിയ വിശുദ്ധ ഡാമിയന്റെ ദേവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അൾത്താരയിലെ ക്രൂശിതരൂപത്തിൽ നിന്നാണ് ഫ്രാൻസിസിന് ആത്മസമർപ്പണത്തിനുള്ള ദൈവവിളി ലഭിച്ചത്. "ജീർണ്ണതയിൽ നിന്ന് എന്റെ പള്ളി ഉദ്ധരിക്കൂ" എന്ന സ്വരമാണ് ക്രൂശിതരൂപത്തിൽ നിന്നും അദ്ദേഹം കേട്ടത്. ആ ദേവാലയം ഉദ്ധരിക്കുക എന്ന അർത്ഥത്തിലാണ് ആ ഉൾവിളി അപ്പോൾ സ്വീകരിച്ചത്. എങ്കിലും അദ്ദേഹത്തിന്റെ പിൽക്കാല ജീവിതത്തിൽ നിന്നും ക്രിസ്തുവിന്റെ ജീർണോന്മുകമായ സഭയെ ഉദ്ധരിക്കാനുള്ള നിയോഗമായിരുന്നു അതെന്ന് നാം മനസ്സിലാക്കുന്നു. "എന്റെ കാലടികളെ അങ്ങയുടെ പദ്ധതിയനുസരിച്ച് തിരിച്ചുവിടണമെ... അങ്ങയുടെ തിരുചിത്തം മാത്രം നിറവേറ്റുവാനുള്ള ജ്ഞാനവും വിവേകവും തന്ന് എന്നെ പഠിപ്പിക്കേണമെ" എന്ന് ഫ്രാൻസിസ് നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവഹിതം നിറവേറ്റുവാനുള്ള ആഗ്രഹത്താൽ ഫ്രാൻസിസ് ആകെ ജ്വലിക്കുകയായിരുന്നു.



www.malankaralibrary.com

സുവിശേഷത്തിനായി സകലതും ത്യജിക്കുവാനുള്ള ആഹ്വാനം ഫ്രാൻസിസിനെ പിടിച്ചുകുലുക്കി. ''നീ പരിപൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ ഉള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക'' (മത്തായി 19: 21), ''നിങ്ങളുടെ യാത്രക്ക് ഒന്നും എടുക്കരുത്'' (മത്തായി 10 : 10), ''എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർ സ്വയം പരിത്യജിച്ചു തന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരട്ടെ'' (മത്തായി 16:24) എന്നീ വേദവാക്യങ്ങൾ ഫ്രാൻസിസിനെ വളരെയധികം സ്വാധീനിച്ചു. ഫ്രാൻസിസ് വിശുദ്ധ ഡാമിയൻ പള്ളിയുടെ പുനരുദ്ധാരണത്തിന് ഒരുമ്പെട്ടു. തന്റെ കുതിരയെ വിറ്റു, പിതാവിന്റെ കടയിലെ വിലപ്പെട്ട പട്ടുവസ്ത്രങ്ങൾ വിറ്റു. കിട്ടിയ പണം വികാരി ഫാ. പീറ്ററിനെ ഏൽപ്പിച്ചു. പക്ഷേ അദ്ദേഹം അത് നിരസിച്ചു. എങ്കിലും തന്റെ കൂടെ താമസിക്കാൻ അനുവദിക്കണമെന്ന ഫ്രാൻസിസിന്റെ അഭ്യർത്ഥന അദ്ദേഹം അനുവദിച്ചു. ദൈവത്തിനായുള്ള ജീവിതത്തിന്റെ തുടക്കം. വിദേശത്തുനിന്ന് എത്തിയ പീറ്റർ ബർണാഡ് മകനെ പിടിച്ചുകൊണ്ടുവരാൻ പോയപ്പോൾ ഫ്രാൻസിസ് ഗുഹയിൽ കയറി ഒളിച്ചു. പിന്നെ ഭിക്ഷുവേഷത്തിലാണ് ഫ്രാൻസിസ് അസ്സീസി പ്രത്യക്ഷപ്പെട്ടത്. അഭിമാനം മുറിപ്പെട്ട ഫ്രാൻസിസിന്റെ പിതാവ് മകനുമായുള്ള സകല ബന്ധവും അവസാനിപ്പിക്കുക എന്നുറപ്പിച്ച് അനുസരണക്കേടും ധൂർത്തും ആരോപിച്ച് മെത്രാൻ കോടതിയിൽ കേസ് കൊടുത്തു. വിചാരണ വേളയിൽ കൈയിലുണ്ടായിരുന്ന പണവും ധരിച്ചിരുന്ന മേൽവസ്ത്രങ്ങളും പിതാവിന് തിരികെ കൊടുത്ത് കുടുംബാവകാശങ്ങളെല്ലാം നിരസിച്ച് ഫ്രാൻസിസ് പറഞ്ഞു, 'ഇനിമേൽ സ്വർഗ്ഗസ്ഥനായ ദൈവമാണ് എന്റെ പിതാവ്'. മെത്രാൻ തന്റെ മേലങ്കി കൊണ്ട് ഫ്രാൻസിസിന്റെ ശരീരം മറച്ചു. പിന്നെ അരമനയിലെ തോട്ടക്കാരന്റെ ഒരു പഴയ വസ്ത്രം വാങ്ങി അതിൽ ചോക്ക് കൊണ്ട് വലിയൊരു കുരിശടയാളമിട്ട് ധരിച്ച ഫ്രാൻസിസ് നിസ്വനായി വിശാല ലോകത്തേക്ക് ഇറങ്ങി. അങ്ങനെ ഫ്രാൻസിസ് പൂർണ ദാരിദ്ര്യം വരിച്ചു.

മെത്രാസന ഭവനത്തിൽ നിന്നിറങ്ങിയ ഫ്രാൻസിസ് വഴിമദ്ധ്യേ ഒരു ബനഡിക്ടൈൻ ആശ്രമത്തിൽ കുറച്ചുകാലം അടുക്കള ജോലിക്കാരനായി കൂടി. അവിടെനിന്നും 'ഗുബ്ബിയോ' എന്ന സ്ഥലത്തെ കുഷ്ഠരോഗാശുപത്രിയിൽ രോഗി പരിചരണത്തിലേക്ക് മാറി. വീട്ടുകാരും സ്വന്തക്കാരും ഉപേക്ഷിച്ച കുറേ ജീവച്ഛവങ്ങൾ! സ്നേഹിക്കാൻ ആരോരുമില്ലാത്തവർ, വലിയ സ്നേഹത്തോടും ഉന്മേഷത്തോടും കൂടി ഫ്രാൻസിസ് അവരെ പരിചരിക്കാൻ തുടങ്ങി. ''ക്രൂശിതൻ എന്നെയും നിന്നെയും സ്നേഹിക്കുന്നു. നീ അമൂല്യനാണ്'' എന്ന് ഓരോ കുഷ്ഠരോഗിയോടും



സ്നേഹപൂർവ്വം ഫ്രാൻസിസ് പറയുക പതിവായി. ആ ദുഃഖിതരുടെ വ്രണങ്ങൾ കഴുകി കെട്ടുകയും അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്യുന്ന ശുശ്രൂഷാ ജീവിതം ഫ്രാൻസിസിന് വളരെയധികം ഹൃദയാഹ്ലാദം നൽകി. ഫ്രാൻസിസിന്റെ ജീവിതനൈർമല്യവും ശാന്തിയും ആനന്ദവും പരസ്നേഹവും ദീനാനുകമ്പയും പ്രാർത്ഥനാ ചൈതന്യവും എല്ലാത്തിനുമുപരി ക്രൂശിതനോടുള്ള പ്രതിബദ്ധതയും അനേകായിരങ്ങളെ ഫ്രാൻസിസിന്റെ ജീവിതരീതിയിലേക്ക് ആകർഷിച്ചു. അങ്ങനെ ഫ്രാൻസിസിന് ധാരാളം ശിഷ്യന്മാരെ കിട്ടി. സുവിശേഷം പ്രസംഗിക്കുക, പാടത്തും പറമ്പിലും പണിയെടുക്കുക, രാത്രി ഏറെ നേരമിരുന്ന് പ്രാർത്ഥിക്കുക എന്നിവയായിരുന്നു അവരുടെ പ്രവർത്തന ശൈലി. നാളെയെക്കുറിച്ച് അവർക്ക് ആകുലത ഇല്ലായിരുന്നു. ദൈവത്തിൽ മാത്രമായിരുന്നു അവരുടെ ശരണം. അനുയായികളുടെ സംഖ്യ വർദ്ധിച്ചപ്പോൾ അടിസ്ഥാന നിയമങ്ങൾക്ക് വ്യാഖ്യാനങ്ങളും വ്യവസ്ഥകളും എഴുതിച്ചേർത്തു. ഇന്നസെന്റ് മൂന്നാമൻ പാപ്പ ഫ്രാൻസിസിന്റെയും കൂട്ടരുടെയും താൽപര്യപ്രകാരം 1210 ൽ നിയമാവലി അംഗീകരിച്ചു. സുവിശേഷം പ്രസംഗിക്കാൻ അവർക്ക് അനുവാദം കൊടുത്തു. അങ്ങനെ ഫ്രാൻസിസ്കൻ ഒന്നാം സഭ സ്ഥാപിതമായി. തുടർന്ന് സ്ത്രീകൾക്കായി ഫ്രാൻസിസ്കൻ രണ്ടാം സമൂഹവും (സന്യാസിനികൾ) കുടുംബ

www.malankaralibrary.com

ജീവിതം നയിക്കുന്നവർക്കായി ഫ്രാൻസിസ്കൻ മൂന്നാം സമൂഹവും കത്തോലിക്കാസഭയിൽ ആരംഭം കുറിച്ചു.

എല്ലാവിധത്തിലും ക്രൂശിതനോട് സാത്മീകരണം പ്രാപിക്കുവാൻ ആഗ്രഹിച്ച ആളാണ് ഫ്രാൻസിസ്. തന്റെ മരണത്തിന് രണ്ടുവർഷം മുമ്പ് 'ലവേർണാ' എന്ന മലമുകളിൽ ഫ്രാൻസിസ് ഒന്നര മാസക്കാലം പ്രാർത്ഥനയിലും ഉപവാസത്തിലും ചെലവഴിച്ചു. യേശുവിന്റെ ഉപവാസ പ്രാർത്ഥനയുടെ അനുഭവത്തിൽ പ്രവേശിക്കുവാൻ വേണ്ടിയാണ് അദ്ദേഹം ഇങ്ങനെ ചെയ്തത്. "അത്യുന്നതനും കർത്താവുമായ ദൈവമേ... പാപികൾക്കുവേണ്ടി അങ്ങ് കുരിശുമരണം വഹിച്ചപ്പോൾ അങ്ങിൽ ജ്വലിച്ചിരുന്ന ആ സ്നേഹത്താൽ എന്നെയും ഒരു നിമിഷം ജ്വലിപ്പിക്കേണമെ... കുരിശിൽ അങ്ങ് അനുഭവിച്ച ആ തീവ്രവേദന ഒരു നിമിഷം എന്നെയും അനുഭവിപ്പിക്കേണമെ..." എന്ന് നിരന്തര ധ്യാനത്തിൽ മുഴുകിയിരുന്നപ്പോൾ ക്രൂശിതനായ ക്രിസ്തു ഫ്രാൻസിസിന് പ്രത്യക്ഷപ്പെട്ട് അഞ്ച് തിരുമുറിവുകൾ ഫ്രാൻസിസിന്റെ ശരീരത്തിൽ അത്ഭുതകരമായി പതിപ്പിച്ചു. ഇത് ശക്തമായ വേദനയും അവാച്യമായ ആനന്ദവും കൂടിക്കലർന്ന ഒരു അനുഭവമായാണ് ഫ്രാൻസിസിന് തോന്നിയത്. രണ്ടുവർഷക്കാലം പഞ്ചക്ഷതങ്ങളും വഹിച്ചുകൊണ്ട് പ്രാർത്ഥനയിലും സുവിശേഷ വേലയിലും ക്രൂശിതന്റെ സ്നേഹത്തെ പ്രചരിപ്പിക്കാനും അദ്ദേഹം ചിലവഴിച്ചു. 1226 ഒക്ടോബർ 3-ാം തീയതി ഫ്രാൻസിസ് കർത്താവിൽ നിദ്ര പ്രാപിച്ചു. 1228 ജൂലൈ 28 ന് ഗ്രിഗറി ഒൻപതാമൻ മാർപ്പാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

"കർത്താവേ ഭൂതലം മുഴുവനിലും ഉത്സാഹപൂർവം നിന്റെ സുവിശേഷം അറിയിക്കുകയും സത്യവിശ്വാസത്തിൽ വിശുദ്ധ സഭയയെ ഉറപ്പിക്കുകയും ചെയ്തവരെ നീ ഓർക്കേണമേ" എന്ന് വിശുദ്ധ കുർബാനയിൽ നാം ഓർത്ത് പ്രാർത്ഥിക്കാറുണ്ട്. സഭയ്ക്കുവേണ്ടി സ്വജീവൻ അർപ്പിച്ച വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെ പ്രത്യേകം ഓർത്തുകൊണ്ട് നമ്മുടെ മിഷൻ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മലങ്കര കത്തോലിക്കാ സഭയിൽ യുവജനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനാണ് വിശുദ്ധ ഫ്രാൻസിസ് അസ്സീസി. വിശുദ്ധന്റെ മധ്യസ്ഥ തിരുനാളായ ഒക്ടോബർ 4 എം.സി.വൈ.എം. ദിനമായി ആചരിക്കുന്നു.

ദൈവസ്നേഹത്തെ പ്രതി എല്ലാം ഉപേക്ഷിച്ചിറങ്ങിയ വിശുദ്ധ ഫ്രാൻസിസ് എല്ലാത്തിലുമുപരി ദൈവത്തെ സ്നേഹിക്കുവാനും സ്വയം ത്യജിച്ച് മറ്റുള്ളവരെ സ്നേഹിക്കാനും നമുക്ക് പ്രചോദനവും ശക്തിയും നൽകുന്നു. അദ്ദേഹത്തിന്റെ മാതൃക നമുക്ക് അനുകരിക്കാം... വിശുദ്ധ ഫ്രാൻസിസ് അസീസിയെ പോലെ ക്രൂശിതനായ യേശുവിനെ നമുക്ക് അനുഗമിക്കാം, അദ്ദേഹത്തെപ്പോലെ ജീവിതത്തിലെ മുറിവുകളെല്ലാം സന്തോഷത്തോടെ സ്വീകരിക്കാം. അദ്ദേഹത്തെപ്പോലെ നമ്മുടെ ചുറ്റുപാടുമുള്ള രോഗികൾ, ദരിദ്രർ, ദുർബലർ, യാചകർ എന്നിവർക്കെല്ലാം ദൈവത്തിന്റെ അനന്തമായ സ്നേഹം പകർന്നു നൽകാം... ദൈവം തമ്പുരാൻ എന്നെയും നിന്നെയും സ്നേഹിക്കുന്നു. നീ അമൂല്യനാണ് എന്ന് പറയാം. അദ്ദേഹം പ്രാർത്ഥിച്ചതുപോലെ 'എന്റെ കാലടികളെ അങ്ങയുടെ പദ്ധതിയനുസരിച്ച് തിരിച്ചുവിടണമെ.. അങ്ങയുടെ ചിത്തം നിറവേറ്റാൻ എനിക്ക് ജ്ഞാനവും വിവേകവും തന്ന് എന്നെ പഠിപ്പിക്കേണമെ' എന്ന് പ്രാർത്ഥിക്കാം... അങ്ങനെ അസ്സീസിയിൽ ഉദിച്ച ആ ദിവ്യനക്ഷത്രത്തെ പിന്തുടർന്ന് നമുക്ക് ഈശോയിലേക്ക് എത്താം...



ഏവർക്കും വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

www.malankaralibrary.com



# ആരാണ് നിങ്ങളുടെ സുഹൃത്ത്?


**ബെൻസൻ ബാബു എം**
കല്ലുംപുറം, മൂവാറ്റുപുഴ ഭദ്രാസനം


നല്ല സൗഹൃദങ്ങൾ എപ്പോഴും അനുഗ്രഹമാണ്.യാദൃശ്ചികമായിട്ടായിരിക്കും ചിലർ നമ്മുടെ സുഹൃദ്‌വലയത്തിൽ എത്തിച്ചേരുന്നത്. പരസ്പരം സ്നേഹിക്കുന്ന, സഹായിക്കുന്ന, തെറ്റുകൾ ഉണ്ടാകുമ്പോൾ ചൂണ്ടിക്കാണിക്കുന്ന നല്ല സുഹൃത്തുക്കളാണ് നമുക്ക് വേണ്ടത്. സുഹൃത്തുക്കളുടെ എണ്ണത്തിൽ വലിയ കാര്യമൊന്നുമില്ല. നാം അറിയുന്ന നമ്മെ അറിയുന്ന ഒരു സുഹൃത്തെങ്കിലും ഉണ്ടെങ്കിൽ അതുമതി.

ഒരു നാടോടിക്കഥ ഇങ്ങനെയാണ്, ഒരിക്കൽ വിളവെടുക്കാറായ പാടത്ത് കിളിശല്യം വർദ്ധിച്ചപ്പോൾ കെണിയൊരുക്കി കിളികളെ പിടിക്കാൻ കർഷകൻ തീരുമാനിച്ചു. വലവിരിച്ചതിന്റെ പിറ്റേദിവസം ചെന്ന് നോക്കുമ്പോൾ ധാരാളം കിളികളും ഒരു കൊക്കും വലയ്ക്കകത്തുണ്ട്. കൊക്ക് പറഞ്ഞു 'ഞാൻ അബദ്ധത്തിൽ പെട്ടുപോയതാണ് ഞാൻ ഒരു ധാന്യകതിർ പോലും തിന്നാറില്ലന്ന് താങ്കൾക്ക് അറിയാമല്ലോ മീൻ തേടി വന്നതാണ്'. കർഷകൻ പറഞ്ഞു 'നിനക്ക് അങ്ങനെ തന്നെ വരണം കിളികൾ പിടിക്കപ്പെട്ടത് കതിരുകൾ തിന്നതിന്റെ പേരിലും നീ പിടിക്കപെട്ടത് കിളികളുടെ കൂടെ ചങ്ങാത്തം കൂടിയതിന്റെ പേരിലുമാണ്'.

പലപ്പോഴും നമുക്കും ഇങ്ങനെയൊക്കെ സംഭവിക്കാൻ ഇടയാകാറുണ്ട്. സൗഹൃദത്തിന് വേണ്ടി പഴി കേൾക്കേണ്ടി വരുന്നത്, ചെയ്യാത്ത തെറ്റും ഏൽക്കേണ്ടി വരുന്നത് അങ്ങനെ പലതും. അത് ഒരു പരിധിവരെ നമ്മുടെ തിരഞ്ഞെടുപ്പിന്റെ പ്രശ്നം ആണ്. അങ്ങനെ മാനദണ്ഡങ്ങൾ വെച്ച് തെരഞ്ഞെടുക്കേണ്ട ഒന്നല്ല സൗഹൃദം അല്ലെങ്കിൽ സുഹൃദ്ബന്ധങ്ങൾ എന്ന് നമുക്കെല്ലാവർക്കും അറിയാം എങ്കിലും നമ്മൾ ശ്രദ്ധിക്കേണ്ട കുറച്ചു കാര്യങ്ങൾ ഉണ്ട്.

കാരണം, ഒരാൾ ആരാണെന്നറിയാൻ അയാളുടെ ഏറ്റവും അടുത്ത അഞ്ചു സുഹൃത്തുക്കൾ ആരാണെന്ന് അറിഞ്ഞാൽ മതി. തങ്ങളുടെ സുഹൃദ്‌വലയത്തിന്റെ വ്യാപ്തിക്കും വൈവിധ്യത്തിനും അപ്പുറത്തേക്ക് വളരാൻ ആർക്കും കഴിയില്ല. ഏറ്റവും അടുത്തിടപഴകുന്നവർ തങ്ങളുടെ സ്നേഹിതരുടെ ചിന്തകളിലും പ്രവർത്തികളിലും ശീലങ്ങളിലും അവർ പോലുമറിയാതെ സ്വാധീനം ചെലുത്തും. അതുകൊണ്ടാണ് അകപ്പെട്ടുപോകുന്ന ചങ്ങാത്തങ്ങളിൽ നിന്ന് പലപ്പോഴും പുറത്തു വരാൻ കഴിയാതെ പോകുന്നത്.

ഗുണനിലവാരമുള്ള സുഹൃദ്‌വലയമാണ് ഗുണനിലവാരമുള്ള ജീവിതം സമ്മാനിക്കുന്നത്. പരുന്താകാൻ ആഗ്രഹിക്കുന്നവർ കോഴിക്കുഞ്ഞുങ്ങളുടെ കൂടെ ചുറ്റിക്കറങ്ങരുത്, ഉയർന്ന് പറക്കാൻ ശ്രമിച്ചാലും ആഗ്രഹിച്ചാലും കൂടെയുള്ള കോഴികൾ സമ്മതിക്കില്ല. അത് അവരുടെ തെറ്റല്ല, അവരുടെ ശരീരത്തിനും ഭക്ഷണത്തിനും രീതികൾക്കും അപ്പുറത്തേക്ക് ചിന്തിക്കാൻ അവർക്ക് കഴിയില്ല. അതുപക്ഷേ

www.malankaralibrary.com

നമ്മളിൽ നിന്ന് വ്യത്യസ്തരായവരെ പരിഗണിക്കാതിരിക്കാനോ നമ്മളേക്കാൾ കഴിവ് കുറഞ്ഞവരെ ഉപേക്ഷിക്കാനോ അല്ല മറിച്ച് മറ്റുള്ളവരുടെ പരിമിതികളാണ് നമ്മുടെ പരിമിതികൾക്ക് കാരണമാകുന്നതെങ്കിൽ അല്ലെങ്കിൽ വിലയിടുന്നതെങ്കിൽ അവയെ അനുകൂലമാക്കി മാറ്റാനാണ് നാം ശീലിക്കേണ്ടത്. എന്തുതന്നെ യായാലും ഒരു നല്ല സുഹൃത്ത് ജീവിതത്തിൽ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

നമുക്ക് പരസ്പരം വിശ്വസിക്കാനും ആത്മാർത്ഥമായി സ്നേഹിക്കാനും കഴിയുന്ന, ഒരിക്കലും നമ്മളെ വഞ്ചിക്കുകയോ വിട്ടുപോവുകയോ ചെയ്യില്ല എന്നുറപ്പുള്ള നമ്മുടെ എന്ത് നല്ല കാര്യത്തിനും, വിഷമത്തിനും കട്ടക്ക് കൂടെ നിൽക്കുന്ന, ചോദിച്ചാൽ ചങ്ക് പറിച്ചു തരുന്ന ഒരു സ്നേഹിതനെ നമുക്ക് ഉള്ളു അത് നമ്മുടെ നസറായനായ യേശുവാണ്.

അത് തിരിച്ചറിയുമ്പോൾ മുതൽ നമ്മൾ നല്ല സൗഹൃദം അനുഭവിക്കാൻ തുടങ്ങും. ജീവിതത്തിൽ സന്തോഷവും സമാധാനവും വന്നുചേരും. സ്വാഭാവികമായും നല്ല സുഹൃത്തുക്കളെ സമ്പാദിക്കാനും നമുക്ക് സാധിക്കും.

---

## വാഴ്ത്തപ്പെട്ട കാർലോ അക്യുറ്റിസ്


കമ്പ്യൂട്ടറിനോടും മൊബൈലിനോടും ഫുട്ബോളിനോടുമൊക്കെ വല്ലാത്ത ഭ്രമമുള്ള ഒരു കൗമാരക്കാരൻ, ഈ ആധുനിക ലോകത്തു നിന്ന് വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറുന്ന പതിന ഞ്ചുവയസ്സുകാരൻ കാർലോ അക്യൂറ്റിസ്..

1991 ൽ ലണ്ടനിൽ ജനിച്ച് അതേ വർഷം തന്നെ മാതാപിതാക്കളോട് ഒപ്പം ഇറ്റലിയിലെ മിലാൻ എന്ന പട്ടണത്തിലേക്ക് മടങ്ങിയെത്തിയ കാർലോ അക്യു റ്റിസ് പരിശുദ്ധ കന്യകമറിയത്തോടും പരിശുദ്ധ പരമ ദിവ്യകാരുണ്യത്തോടും അതീവ ഭക്തി പുലർത്തിയി രുന്നു. കമ്പ്യൂട്ടറും ഇന്റർനെറ്റും നന്നായ് കൈകാര്യം ചെയ്യാൻ അറിയാമായിരുന്ന ഈ പതിനഞ്ചുകാരൻ വിശ്വാസത്തിന്റെ പ്രമേയങ്ങളെക്കുറിച്ചുള്ള ഐ.ടി. പ്രോജക്ടുകൾ പ്രത്യേകിച്ച് 'ദിവ്യകാരുണ്യ അത്ഭു തങ്ങൾ' ലോകത്തിനായ് സംഭാവന നൽകി. രക്താ ർബുദത്തിന്റെ അതികഠിനമായ വേദന നിശബ്ദമായ് സഹിച്ച് തന്റെ സ്വപ്നം സഫലമാക്കാൻ യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ ദിവ്യകാരുണ്യ അത്ഭുതങ്ങൾ നടന്ന സ്ഥലങ്ങൾ മാതാപിതാക്കളോടൊപ്പം സന്ദ ർശിച്ച് അവയെപ്പറ്റി വിശദമായ് പഠിച്ചാണ് കാർലോ തന്റെ പദ്ധതി പൂർത്തിയാക്കിയത്.

സ്വന്തം ഇടവക പള്ളിയിൽ വളരെ ചെറു പ്രായത്തിൽ തന്നെ അൾത്താര ബാലനായും കൊച്ചു കുട്ടികൾക്ക് ക്രിസ്തുവിന്റെ സ്നേഹം പകർന്നു നൽകാൻ വേദപാഠ അദ്ധ്യാപകനായും സേവനം ചെയ്തു.

രക്താർബുദം ബാധിച്ച കാർലോ 2006 ഒക്ടോബർ 12 - ന് മോൻസയിൽ വെച്ച് പതിനഞ്ചാം വയസ്സിൽ മരിച്ചു. തന്റെ സഹനങ്ങളെ മാർപ്പാപ്പയ്ക്കു വേണ്ടിയും തിരുസഭയ്ക്കു വേണ്ടിയും ഒപ്പം സ്വർഗ്ഗത്തിൽ പോകുന്നതിനായും സമർപ്പിച്ചു. മരിച്ചു കഴിയുമ്പോൾ തന്നെ അസ്സീസിയിൽ കൊണ്ടുപോയി സംസ്കരിക്കണം എന്ന് മരണത്തിന് മുമ്പ് കാർലോ പറഞ്ഞതനുസരിച്ച് മൃതദേഹം ഇന്ന് അസ്സീസിയിലെ 'സ്പോല്ല്യയസിയോണെ' ദേവാലയത്തിലാണ് സംസ്കരിച്ചിരിക്കുന്നത്.

കാർലോയുടെ മദ്ധ്യസ്ഥത്താൽ ഒരു ബ്രസീലി യൻ കുട്ടിക്ക് ലഭിച്ച അത്ഭുതം തിരുസഭ അംഗീകരി ച്ചതോടെ ഫ്രാൻസിസ് പാപ്പ കാർലോ അക്യുറ്റി സിനെ വാഴ്ത്തപ്പെട്ടവരുടെ നിരയിലേക്ക് ഉയർ ത്താൻ അനുവാദം നൽകുകയായിരുന്നു...



## സഭാതലസമിതി

### ലീഡേഴ്സ് മീറ്റിംഗ്

അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെ നേതൃത്വത്തിൽ എല്ലാ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാരെയും പ്രസിഡന്റ്മാരെയും സെക്രട്ടറിമാരേയും ഉൾക്കൊള്ളിച്ചുകൊണ്ട് ഓഗസ്റ്റ് 24 തിങ്കൾ വൈകിട്ട് 7 മണിക്ക് ഒരു zoom മീറ്റിംഗ് നടത്തപ്പെട്ടു.

പ്രസ്തുത യോഗത്തിൽ കഴിഞ്ഞ നാളുകളിലെ യുവജന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടന്നു. വരാനിരിക്കുന്ന അന്തർദേശീയ ക്വിസ് മത്സരത്തെക്കുറിച്ചും ഒക്ടോബർ 4-ന് നടത്തപ്പെടുന്ന യുവജന ദിനാഘോഷത്തെപ്പറ്റിയും യോഗത്തിൽ ചർച്ച നടത്തി.

### യുവജന സംഗമം 2020

ആധുനിക ലോകത്തിന്റെ വെല്ലുവിളികൾ യേശുവിന്റെ കരുണകൊണ്ട് അതിജീവിക്കുകയും ക്രിസ്തു പകർന്നു നൽകിയ ആദർശങ്ങളെയും മൂല്യങ്ങളെയും മുറുകെപ്പിടിച്ച് ആദർശാധിഷ്ഠിതവും വിശ്വാസത്തിൽ ഉറപ്പിച്ചതുമായ ഒരു കൂട്ടായ്മയാണ് മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം.

കോവിഡ് സാഹചര്യത്തിൽ ഈ വർഷത്തെ യുവജന സംഗമം ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. 2020 ഓഗസ്റ്റ് മാസം 30 - ാം തീയതി ഞായറാഴ്ച 3 മണിക്ക് മാവേലിക്കര ഭദ്രാസനത്തിന്റെ യൂ ട്യൂബ് ചാനലിലൂടെയും എം.സി.വൈ.എം. ഫേസ്ബുക് പേജിലൂടെയും യുവജനങ്ങളിലേക്കെത്തിച്ചു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ തിരുമേനി മുഖ്യസന്ദേശം നൽകുകയും മാവേലിക്കര ഭദ്രസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത സ്വാഗതം ആശംസിക്കുകയും ചെയ്തു. സഭയുടെ യുവജന കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് സന്ദേശം നൽകി. സി.സി.ബി.ഐ. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി റവ. ഡോ. സ്റ്റീഫൻ ആലത്തറ അച്ചൻ യുവജങ്ങൾക്കായുള്ള ക്ലാസ്സ് നയിച്ചു. പ്രസ്തുത സംഗമത്തിൽ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാർ, സിസ്റ്റേഴ്സ്, ആനിമേറ്റേഴ്സ്, മലങ്കര സുറിയാനി കാതോലിക്ക സഭയിലെ യുവജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.




### പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുനാൾ

പരിശുദ്ധ ദൈവമാതാവിന്റെ ജനനപെരുനാൾ സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ

യുവജന കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവും വിവിധ ഭദ്രാസനങ്ങളിലെ റവ. ഫാ. ജോൺ കടുവിങ്കൽ (മാവേലിക്കര ഭദ്രാസനം), റവ. ഫാ. സ്കറിയാ വട്ടക്കാട്ടുകാലായിൽ (തിരുവല്ല അതിഭദ്രാസനം), റവ. ഫാ. അലോഷ്യസ് (പാറശ്ശാല ഭദ്രാസനം), റവ. ഫാ. ബിനോയ് പുതുപറമ്പിൽ (പത്തനംതിട്ട ഭദ്രാസനം), റവ. ഫാ. കുര്യാക്കോസ് കുടിലിൽ (മുവാറ്റുപുഴ ഭദ്രാസനം), റവ. ഫാ. നിജോ കൊല്ലന്റെ തെക്കേതിൽ (ഗുഡ്ഗാവ് ഭദ്രാസനം), റവ. ഫാ. രാജു പരുകൂർ (തിരുവനന്തപുരം മേജർ അതിഭദ്രാസനം) എന്നിവരുടെ കാർമികത്വത്തിൽ എം.സി.വൈ. എം. പേജിലൂടെ വൈകിട്ട് 6 മണിക്ക് ആഘോഷമായ വിശുദ്ധ കുർബാനയും തുടർന്ന് പരിശുദ്ധ ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തപ്പെട്ടു.

### ഹെസദ് 2020

അസ്സീസിയുടെ തെരുവുകളിൽ കൂടി ക്രിസ്തുവിനോടുള്ള അഗാധമായ സ്നേഹത്താൽ നഗ്നനായി നടന്നു നീങ്ങുന്ന ഒരു ചെറുപ്പക്കാരൻ......... ക്രിസ്തുവിനോടുള്ള സ്നേഹത്തിനു പകരമായി അവനു നൽകേണ്ടി വന്നത് ആഡംബരം നിറഞ്ഞ പിതാവിന്റെ ഭവനവും അതിന്റെ പ്രൗഢിയും സുരക്ഷിതത്വവും ആയിരുന്നു........അസ്സീസിയിലെ


www.malankaralibrary.com




വിശുദ്ധ ഫ്രാൻസിസ്... മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ സ്വർഗീയ മധ്യസ്ഥൻ.....

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയോടുള്ള അനുസ്മരണാർത്ഥം ഒക്ടോബർ മാസത്തിലെ ആദ്യ ഞായർ മലങ്കര സുറിയാനി കത്തോലിക്കാ സഭ യുവജന ദിനമായി ആചരിക്കുന്നു. ഈ വർഷത്തെ യുവജനദിനാഘോഷം ഹെസദ് 2020 ഒക്ടോബർ 4ന് ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തപ്പെട്ടു. ഇതിന് മുന്നോടിയായി ഫെയ്സ്ബുക് പ്രൊഫൈൽ പിക്ചർ ക്യാമ്പയിന് എം.സി.വൈ.എം. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ തുടക്കം കുറിച്ചു.

## ബിഷപ്പ് സക്കറിയാസ് മാർ അത്തനാസിയോസ് അനുസ്മരണം

എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ ഭാഗ്യസ്മരണാർഹനായ സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ ഓർമ്മയാചരണം 2020 സെപ്റ്റംബർ 27-ാം തീയതി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ വച്ച് ആചരിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ലിറ്റർജി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ഐസക് പറപ്പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു. പ്രസ്തുത പരിപാടി ഓൺലൈൻ മീഡിയ വഴി വിശ്വാസികളിലേക്കു എത്തിക്കാൻ സമിതിക്ക് സാധിച്ചു.



# തിരുവല്ല അതിഭദ്രാസനം

## സമരിറ്റൻ ടാസ്ക്ക് ഫോഴ്സ് ടീം

തിരുവല്ല അതിരൂപതയിലെ ആദ്യ കോവിഡ് മരണം നിരണം ആലംതുരുത്തി ഇടവകയിൽ സംഭവിച്ചപ്പോൾ വൈദീകരുൾപ്പെടുന്ന സമരിറ്റൻ ടാസ്ക്ക് ഫോഴ്സ് ടീം സംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി.




www.malankaralibrary.com

നിരണം മേഖല എം.സി.വൈ.എം. ഡയറക്ടർ തോമസ് തോപ്പിക്കളത്തിൽ അച്ചൻ, എം.സി.വൈ.എം. അതിരൂപത ഡയറക്ടർ ജേക്കബ് അരീക്കൽ അച്ചൻ, മേഖലയിൽ നിന്നുള്ള സമരിറ്റൻ അംഗങ്ങൾ, കുടുംബാംഗങ്ങൾ, ഇടവക കൈക്കാരന്മാർ എന്നിവ രാണ് ഈ ദൗത്യത്തിന് തയ്യാറായി വന്നത്.

### ശ്രീ. എബ്രഹാം പാലത്തിങ്കൽ അനുസ്മരണം

തിരുവല്ല അതിഭദ്രാസനത്തിലെ അത്മായ നേതാവ് ശ്രീ. എബ്രഹാം പാലത്തിങ്കൽ സാറിന്റെ അനുസ്മരണവും 2019ലെ സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് ഷാജി മാത്യു സാറിന് അനുമോദനവും തിരുവല്ല അതിഭദ്രാസനത്തിലെ എം.സി.എ., എം.സി.വൈ.എം. സംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ മേരിഗിരി അരമനയിൽ വച്ച് നടത്തി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വളരെ പരിമിതമായ രീതിയിലായിരുന്നു ചടങ്ങ് ക്രമീകരിച്ചത്. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവ് ഉദ്ഘാടനം ചെയ്തു. എബ്രഹാം പാലത്തിങ്കൽ സാർ അനുസ്മരണം അതിഭദ്രാസന വികാരി ജനറാൾ ചെറിയാൻ താഴമൺ അച്ചൻ നൽകി.




### എം.സി.വൈ.എം. അതിഭദ്രാസന അർദ്ധ വാർഷിക സെനറ്റ്

എം.സി.വൈ.എം. അതിഭദ്രാസന അർദ്ധ വാർഷിക സെനറ്റ് യോഗം സെപ്റ്റംബർ 27 -ാം തീയതി നടത്തപ്പെട്ടു. തിരുവല്ല അതിഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത സെനറ്റ് യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന അധ്യാപക അവാർഡ് ജേതാവ് ശ്രീ. ഷാജി മാത്യൂ സർ യുവജന ശുശ്രൂഷയിലെ അനുഭവങ്ങൾ പങ്കുവച്ചു. എല്ലാ മേഖലകളും റിപ്പോർട്ട്, വീഡിയോ റിപ്പോർട്ടുകളുടെ രൂപത്തിൽ അവതരിപ്പിച്ചു. സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 4 വരെ തിരുവല്ല അതിഭദ്രാസനത്തിൽ YOUTH WEEK ആയി അഭിവന്ദ്യ പിതാവ് സെനറ്റിൽ പ്രഖ്യാപിച്ചു.

### ഓൺലൈൻ യുവജന ധ്യാനം

എം.സി.വൈ.എം. തിരുവല്ല അതിദ്രാസനത്തിന്റെ നേതൃത്വത്തിൽ ഒരു ഓൺലൈൻ യുവജന ധ്യാനം നടത്തുകയുണ്ടായി. യുവജനധ്യാനത്തിന് നേതൃത്വം നൽകിയത് ബഹുമാനപ്പെട്ട ഡാനിയേൽ പൂവണ്ണത്തിലച്ചനാണ്. തിരുവല്ല അതിദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് പിതാവിന്റെ സാന്നിധ്യം ഏറെ അനുഗ്രഹപ്രദമായിരുന്നു. 'സൂം' മീറ്റിങ്ങിലൂടെ ലൈവ് ആയിട്ട് 288 പേരും യൂ ട്യൂബിലൂടെ ഏകദേശം 800 പേരും ഈ ധ്യനത്തിൽ പങ്കെടുകയുണ്ടായി.




## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### വുൾഗാത്ത ബൈബിൾ ക്വിസ്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ മുഴുവൻ യുവജനങ്ങൾക്കായി 'വുൾഗാത്ത' ബൈബിൾ ക്വിസ് നടത്തപ്പെട്ടു.


www.malankaralibrary.com

9 വൈദിക ജില്ലകളിൽനിന്ന് 64 യൂണിറ്റുകൾ പങ്കെടുത്തു. വിവിധ റൗണ്ടുകളായി നടത്തപ്പെട്ട ക്വിസ് മത്സരത്തിൽ പുനലൂർ വൈദിക ജില്ലയിലെ ചെറുകടവ് യൂണിറ്റ് ഒന്നാം സ്ഥാനവും തിരുവനന്തപുരം വൈദിക ജില്ലയിലെ കല്ലയം യൂണിറ്റ് രണ്ടാം സ്ഥാനവും അഞ്ചൽ വൈദിക ജില്ലയിലെ അഞ്ചൽ യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

### കെ.സി.വൈ.എം. അർദ്ധ വാർഷിക സെനറ്റ്

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നാൽപത്തി രണ്ടാമത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനം ഓഗസ്റ്റ് 30-ാം തീയതി നടത്തപ്പെട്ടു.

പൂർണമായും ഓൺലൈൻ സംവിധാനം വഴി നടത്തിയ ഈ സെനറ്റ് സമ്മേളനത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസന ഭാരവാഹികൾ പങ്കെടുക്കുകയും കഴിഞ്ഞ ആറു മാസക്കാലത്തെ പ്രവർത്തന റിപ്പോർട്ട് വീഡിയോ ആയി ചിത്രീകരിച്ചു അവതരിപ്പിക്കുകയും ചെയ്തു.

### പരിശുദ്ധ അമ്മയോടൊപ്പം

പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാളിനോടനുബന്ധിച്ച് തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതി സെപ്റ്റംബർ 1 മുതൽ 8 വരെ വൈകിട്ട് 7 മണി മുതൽ 7.30 വരെ പരിശുദ്ധ അമ്മയോടൊപ്പം പ്രാർത്ഥിക്കുന്നതിനായി Zoom വഴി വീഡിയോ കോൺഫറൻസിങ്ങ് ക്രമീകരിച്ചു.

ഈ ദിവസങ്ങളിൽ വൈദിക ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത ഒരാൾ വീതം പരിശുദ്ധ ദൈവമാതാവിനെക്കുറിച്ച് 10 മിനിറ്റ് വിചിന്തനം ചെയ്യുകയും ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. സെപ്റ്റംബർ 1 മുതൽ 8 വരെ ഏറ്റവും അനുഗ്രഹപ്രദമായ രീതിയിൽ ഇത് നടത്തുവാൻ കഴിഞ്ഞു.

### വസ്ത്ര ശേഖരണം

മാനസിക രോഗമുള്ള പുരുഷന്മാർക്കായി തിരുവനന്തപുരത്തിനടുത്തു വേറ്റിനാട് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ശാന്തി മന്ദിരം മാനസികാരോഗ്യ കേന്ദ്രത്തിലെ നൂറോളം വരുന്ന രോഗികൾക്ക് കോവിഡ് ബാധിച്ചിരുന്നു.

മാനസിക രോഗികൾ ആയത് കൊണ്ട് തന്നെ ഏറെ പ്രയാസം നിറഞ്ഞ ഈ സാഹചര്യത്തിൽ ഒരു ദിവസം ഉപയോഗിച്ചതിന് ശേഷം വസ്ത്രങ്ങൾ കത്തിച്ചുകളയുന്ന ഒരു സാഹചര്യമായിരുന്നു അവിടെ. ഉടുത്തു മാറുവാൻ പോലും വസ്ത്രങ്ങൾ ഇല്ലാത്ത ഈ അവസ്ഥയിൽ തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ആവശ്യമായ വസ്ത്രങ്ങൾ ശേഖരിച്ചു നൽകി.

മേജർ അതിഭദ്രാസന അസിസ്റ്റന്റ് ഡയറക്ടർ ഫാ. അരുൺ ഏറത്ത് പഞ്ചായത്ത് ഭാരവാഹിക്ക് വസ്ത്രങ്ങൾ കൈമാറി.



## പത്തനംതിട്ട ഭദ്രാസനം

### കെ.സി.വൈ.എം. അർദ്ധവാർഷിക സെനറ്റ്

കെ.സി.വൈ.എം. അർദ്ധവാർഷിക സെനറ്റിൽ പത്തനംതിട്ട ഭദ്രാസന സമിതി അംഗങ്ങൾ പങ്കെടുക്കുകയും, വീഡിയോ ഫോർമാറ്റിൽ ജൂൺ, ജൂലൈ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

### യുവജ്വാല

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ ദ്വൈമാസ ഓൺലൈൻ മുഖപത്രമായ യുവജ്വാല - ആദ്യ പ്രതിയുടെ പ്രകാശനം ആനിമേറ്റർ സിസ്റ്റർ തമീം എസ്.ഐ.സി യുടെയും ഭദ്രാസന ഭാരവാഹികളുടെയും സാന്നിധ്യത്തിൽ ഭദ്രാസന ഡയറക്ടർ ഫാ. ഏബ്രാഹാം മേപ്പുറത്ത് നിർവഹിച്ചു.




www.malankaralibrary.com

### മരിയൻ യൂത്ത് ടോക്ക്സ്

പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുനാളി നോടനുബന്ധിച്ച് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ ജില്ലാ ഭാരവാഹികളായി ട്ടുള്ള യുവതികൾ സാമൂഹിക മാധ്യമങ്ങൾ വഴി ധ്യാനചിന്തകൾ പങ്കുവച്ചു.




### സമസ്യ ക്വിസ് 2020

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമി തിയുടെ നേതൃത്വത്തിൽ സമസ്യ ക്വിസ് 2020 ഗ്രാന്റ് ഫിനാലെ നടത്തപ്പെട്ടു. പ്രാഥമികഘട്ട മൽസര ങ്ങൾക്ക് ശേഷം തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ടീമുക ളുമായിട്ടാണ് ഗ്രാന്റ് ഫിനാലെ നടത്തപ്പെട്ടത്. കാട്ടൂർ യൂണിറ്റ് ഒന്നാം സ്ഥാനവും ഉള്ളന്നൂർ യൂണിറ്റ് രണ്ടാം സ്ഥാനവും ചിറ്റാർ യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

### കരുതൽ

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ഓണ ത്തോടനുബന്ധിച്ച് ളാക്കൂർ കാരുണ്യ ഭവനിലേയ്ക്ക് നിത്യോപയോഗ സാധനങ്ങളടക്കം ആവശ്യമായവ കൈമാറുവാൻ സാധിച്ചു. കാരുണ്യ ഭവൻ ഡയറക്ടർ ഫാ. മാത്യു പേഴുംമൂട്ടിലിന് ഭദ്രാസന ഭാരവാഹികൾ കിറ്റ് കൈമാറി.



### ഓണാഘോഷം

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതിയുടെ ഓണാഘോഷം ലളിതമായി കോന്നി കാർമ്മല പ്രത്യാശ ഭവനിൽ വച്ച് നടത്തപ്പെട്ടു. കോവിഡ് പ്രോട്ടോകോളുകൾ നിലനിൽക്കുന്നതി നാൽ നേരിട്ട് അമ്മമാരോടൊപ്പം ഇടപഴകാൻ സാധിച്ചില്ലെങ്കിലും അമ്മമാരുടെ സ്നേഹവാത്സല്യ ങ്ങൾ ദൂരെ നിന്ന് തൊട്ടറിയാൻ സമിതി അംഗങ്ങൾ ക്കായി... ഉത്രാട ദിവസം മുഴുവനും സമിതി അംഗങ്ങൾ പ്രത്യാശ ഭവനിലാണ് ചിലവഴിച്ചത്... ഓണസദ്യയും ക്രമീകരിച്ചിരുന്നു.

## മാവേലിക്കര ഭദ്രാസനം

### കരുണയിൻ കരങ്ങൾ മൂന്നാം ഘട്ടം ഉദ്ഘാടനവും സഹായവിതരണവും.

മലങ്കര കത്തോലിക്കാ സഭയുടെ പുനരൈക്യ നവതിയുടെ ആഘോഷങ്ങളുടെയും മാവേലിക്കര ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായുടെ സപ്തതി ആഘോഷങ്ങളുടെയും ഭാഗമായി എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന കരുണയിൻ കരങ്ങൾ മൂന്നാം ഘട്ട ഉദ്ഘാടനവും സഹായവിതരണവും 2020 സെപ്റ്റംബർ മാസം 21-ാം തീയതി മാവേലിക്കര പുന്നമൂട് സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ പുനരൈക്യ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിൽ വച്ച് നടത്തപ്പെട്ടു. സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കർദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ്


www.malankaralibrary.com



കതോലിക്കാ ബാവായുടെ കരങ്ങളാൽ മാവേലിക്കര ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പൊലീത്തയുടെ സാന്നിധ്യത്തിൽ 9 ക്യാൻസർ രോഗികൾക്ക് 9000 രൂപ വീതമുള്ള ചെക്ക് വൈദിക ജില്ലാ പ്രതിനിധികൾക്ക് കൈമാറി. അതോടൊപ്പം 90 ഡയാലിസിസ് രോഗികൾക്കുള്ള ചികിത്സ സഹായത്തിനുള്ള ചെക്ക് ഭദ്രാസന പ്രസിഡന്റ് ജോബി ജോൺ നീലേശ്വരത്തിനു കൈമാറി കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു. ഭദ്രാസന ഡയറക്ടർ ഫാ. ഡെന്നീസ് മുകുളംപുറത്ത് ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന കരുണയിൻ കരങ്ങൾ കാരുണ്യ പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു.

### പുനരൈക്യ നവതി ദീപശിഖാ പ്രയാണം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യ നവതി ആഘോഷത്തിന്റെ ഭാഗമായി എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ കൊല്ലം തങ്കശ്ശേരി അരമന ചാപ്പലിൽ സെപ്റ്റംബർ 18-ാം തീയതി രാവിലെ 11 മണിക്ക് മാവേലിക്കര ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെട്ടു. കൊല്ലം രൂപതാ മെത്രാൻ ഡോ. പോൾ ആന്റണി മുല്ലശ്ശേരി പിതാവും ഡോ. സ്റ്റാലിൻ റോമൻ പിതാവും വിശുദ്ധ കുർബാനയിൽ സഹകാർമ്മികരായിരുന്നു.



തുടർന്ന് പുനരൈക്യ നവതി ദീപശിഖ അഭിവന്ദ്യ പിതാക്കന്മാർ എം.സി.വൈ.എം. ഭദ്രാസന പ്രസിഡന്റ് ജോബി ജോൺ നീലേശ്വരത്തിനു കൈമാറിക്കൊണ്ട് ദീപശിഖ പ്രയാണം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് ഭദ്രാസന സമിതി എം.സി.വൈ.എം. കൊല്ലം വൈദിക ജില്ലയ്ക്ക് ദീപശിഖ കൈമാറുകയും ചെയ്തു.

തുടർന്ന് വൈകിട്ട് 5 മണിക്ക് ആറു വൈദിക ജില്ലകളുടെ നേതൃത്വത്തിൽ നടന്ന ദീപശിഖാ പ്രയാണത്തിന് പുന്നമൂട് കത്തീഡ്രൽ ദൈവാലയാങ്കണത്തിൽ വച്ച് മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തയും വികാരി ജനറൽ മോൺ. ജോസ് വെണ്മലോട്ടും മോൺ. ജോർജ് ചരുവിളയിൽ കോർ എപ്പിസ്കോപ്പയും യൂഹാനോൻ റമ്പാനും ഭദ്രാസന ഡയറക്ടർ ഫാ. ഡെന്നീസ് മുകുളം പുറത്തും ഫാ. ബെനഡിക് പെരുമുറ്റത്തും ചേർന്ന് സ്വീകരണം നൽകി.



## Diocese of Gurgaon

### KARMAPATH 2020:

M.C.Y.M. Bhopal Region launched Karmapath for the year 2020 on 8th September. We were fortunate enough to get blessings from His Excellency Most Rev. Dr. Jacob Mar Barnabas and the Karmapath was inaugurated by Rt. Rev. Msgr. Daniel Kuzhithadathil Cor-Episcopo, through a video. The Karmapath was categorised into different levels, such as Spiritual, Mission, Socio-cultural and Church Levels.

### JB Online Bible Quiz Competition:

M.C.Y.M. Surat organized a John Berchmans (JB) Bible Quiz competition for the Catechism


www.malankaralibrary.com




students from Surat and Vapi Unit. There was an impeccable performance by participants of both the units. The results were announced by Bhopal Region Sr. Animator - Sr. Christeena OSS. The winners of the competition were Aneetta Siby, Alwin Rajan and Jacob John.

### CORONAM :

Onam is a festival, celebrated in togetherness with families and friends, not only in neighbourhood but also in Church, but this time it was not possible due to the pandemic situation. M.C.Y.M. Surat distributed Onam gifts to each and every family member of the parish and yet again proved that even during pandemic we stay strong together.

### Caring for the elderly during the Pandemic:

The elderly mainly rely on social connection and they need it now more than ever, as this pandemic has brought unprecedented fear in older adults, they need a helping hand and they often need to have people around them. M.C.Y.M. Surat members check on them regularly through phone calls and most importantly, the youth members staying in their nearby areas, visit them and helped them to stay connected by teaching them how to use the video calling apps like Zoom and Google Meet, so that they can attend the prayer meetings which are conducted regularly in Surat on Wednesdays and Fridays.

### Food Distribution to the needy:

On the occasion of our Community's Anniversary and the Feast of Assumption of Mother Mary, few members of M.C.Y.M. Vadodara, alongwith our Unit Vicar, Fr.Devasia Kuthirakallil, distributed grocery packets to the needy. These grocery packets were donated by Sunrise Industries consisting of basic food items, required in daily meals like rice, flour, pulses, oil etc.

As Isaiah 58:10 says "If you offer food to the hungry and satisfy the needs of the afflicted, then your light shall rise in the darkness and your gloom be like the noonday". We feel great joy in being able to lend a helping hand to others in this special day.

### REGION UNITES IN PRAYER:

Adoration prayers are conducted routinely, wherein all the units in Bhopal Region come together and pray, keeping special intensions in mind, as a response to global coronavirus pandemic and special thanksgiving prayers for families.




www.malankaralibrary.com

വീണ്ടും ഒരു ഹെസദ് കൂടെ കടന്നുപോയിരിക്കുന്നു...

മലങ്കര സുറിയാനി കത്തോലിക്കാ സഭ യുവജന പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ എം.സി.വൈ.എം. ദിനമായി ഒക്ടോബർ 4-ാം തീയതി നാം ആഘോഷിച്ചുവല്ലോ...

സഭയിലെ മുഴുവൻ യുവജനങ്ങൾക്കു വേണ്ടി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും യുവജന പ്രസ്ഥാനത്തിന്റെ രക്ഷാധികാരിയുമായ അത്യ ഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവയുടെ മുഖ്യകാർമികത്വത്തിൽ, അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവിനോടും ബഹു മാനപ്പെട്ട സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ അച്ചനോടും ഒപ്പം വിശുദ്ധ കുർബാന അർപ്പിച്ച് തുടങ്ങിയ യുവജനദിനാഘോഷം യുവജനങ്ങളോടുള്ള സഭയുടെ കരുതലും സ്നേഹവും പ്രതീക്ഷയും വെളിപ്പെടുത്തുന്ന നിമിഷങ്ങളായിരുന്നു.

എം.സി.വൈ.എം. ചരിത്രത്തിൽ ഏറ്റവും കൂടുതൽ യുവജനങ്ങൾ പങ്കെടുക്കുന്ന യുവജനസംഗമമായി 2020 ഓൺലൈൻ ഹെസദ് മാറിയത് എത്ര വലിയ പ്രതിസന്ധി കളിലും അടിപതറാതെ ഒറ്റക്കെട്ടായി നിൽക്കുന്ന യുവജന കൂട്ടായ്മയുടെ സാക്ഷ്യ പ്പെടുത്തൽ കൂടിയായിരുന്നു...

ഒപ്പം, രൂപതാ മേഖല യൂണിറ്റ് തലങ്ങളിൽ കോവിഡ് പശ്ചാത്തലത്തിൽ വേണ്ട മുൻകരുതലുകൾ സ്വീകരിച്ച് ആഘോഷങ്ങൾ നടത്തിയത് എം.സി.വൈ.എം. ദിന ത്തിന്റെ മാറ്റുകൂട്ടുന്നു.

ഒടുവിൽ, ദിവ്യകാരുണ്യ നാഥന്റെ സന്നിധിയിൽ യുവജന പ്രസ്ഥാനത്തിലൂടെ സഭ യ്ക്കും സമൂഹത്തിനും നൽകപ്പെട്ടിട്ടുള്ള അനവധി നിരവധി നന്മകൾക്ക് നന്ദി നിറഞ്ഞ ഹൃദയത്തോടെ യുവജന സഭ പ്രാർത്ഥനാ നിരതരായി മുട്ടുകൾ മടക്കിയപ്പോൾ വർഷ ങ്ങൾക്കപ്പുറം അസ്സീസിയുടെ തെരുവുകളിൽ തനിക്കുള്ളതെല്ലാം വിട്ടെറിഞ്ഞ് ക്രിസ്തുവിനുവേണ്ടി ആലയം പണിയുവാൻ പുറപ്പെട്ട ഫ്രാൻസിസ് അസ്സീസിയുടെ ജീവിത ദർശനങ്ങളുടെ ചിന്തകളുടെ പ്രാർത്ഥനകളുടെ ഒളിമങ്ങാത്ത പ്രതിഫലനമായി എം.സി.വൈ.എം. ദിനം മാറ്റപെട്ടു...

2021-ാം ആണ്ടിലെ ഹെസദിനായുള്ള കാത്തിരിപ്പിനു ഇന്ന് തുടക്കം കുറിക്കു മ്പോൾ കൂടുതൽ തീക്ഷ്ണതയോടെ, ക്രിസ്തുവിനു വേണ്ടി ധീര പ്രേഷിതരാകുവാൻ ആത്മാർത്ഥമായി, ഒറ്റക്കെട്ടായി നമുക്ക് പരിശ്രമിക്കാം... പ്രാർത്ഥിക്കാം...

ജയ് എം.സി.വൈ.എം.

www.malankaralibrary.com













